## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3032 15.12.2015-ൽ മറുപടി നൽകേണ്ടത്

ഭൂരഹിതരുടെ കണക്കെടുപ്പ്

ചോദ്യം
ഡോ.കെ.ടി.ജലീൽ

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത പദ്ധതിയുടെ ആദ്യപടിയായി ഭൂരഹിതരുടെ കണക്കെടുപ്പ് നടത്തുമെന്ന 2012-13 ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കാനായിട്ടുണ്ടോ ; | നടപ്പാക്കിയിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി 09.03.2012 മുതൽ 15.02.2013 വരെ സംസ്ഥാനത്തെ ഭൂരഹിതരായവരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2,91,757 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൻ പ്രകാരം അന്വേഷണം നടത്തി അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. തുടർന്ന് രണ്ടാം ഘട്ടമായി 01.02.2014 മുതൽ 31.03.2014 വരെ വീണ്ടും അപേക്ഷ ക്ഷണിച്ചു. ഇതിൻപ്രകാരം 67,281 അപേക്ഷകൾ ലഭിച്ചിരുന്നു. രണ്ട് ഘട്ടങ്ങളിലുമായി ഭൂരഹിതർ എന്ന നിലയിൽ ആകെ 3,59,038 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഒന്നാംഘട്ടത്തിൽ ലഭിച്ചിരുന്ന അപേക്ഷകളിൽ നിന്ന് 2,43,928 അപേക്ഷകർ സംസ്ഥാനത്തെ അർഹരായ ഭൂരഹിത കുടുംബങ്ങൾ ആണെന്ന് കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. രണ്ടാം ഘട്ടത്തിൽ ലഭിച്ച അപേക്ഷകളിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | |
|---|---|---|
| (ബി) | എങ്കിൽ ഭൂരഹിതരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | പ്രസ്തുത പദ്ധതി പ്രകാരം ഒന്നും രണ്ടും ഘട്ടങ്ങളായി ലഭ്യമായിരുന്ന അപേക്ഷകളുടെ എണ്ണവും ഒന്നാം ഘട്ടത്തിലെ അപേക്ഷകളിൽ നിന്നും കണ്ടെത്തിയിരുന്ന ഭൂരഹിത കുടുംബങ്ങളുടെ എണ്ണവും ജില്ലതിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>01.02.2014 മുതൽ 31.03.2014 വരെയുള്ള കാലയളവിലും മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടി, റവന്യൂ വകുപ്പ് മന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വെ അദാലത്ത് എന്നിവ മുഖേനയും ലഭ്യമായ അപേക്ഷകളിൽ നിന്നുള്ള ഭൂരഹിത കുടുംബങ്ങളെ നിർണ്ണയിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |

C.K.V.Kunny

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ജില്ല | ഒന്നാം ഘട്ടത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം | രണ്ടാം ഘട്ടത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 47340 | 35851 | 9595 |
| കൊല്ലം | 29850 | 28591 | 6280 |
| പത്തനംതിട്ട | 7532 | 6807 | 1142 |
| ആലപ്പുഴ | 17142 | 14163 | 1223 |
| കോട്ടയം | 10742 | 10388 | 1094 |
| ഇടുക്കി | 10496 | 7970 | 3433 |
| എറണാകുളം | 43248 | 31379 | 3619 |
| തൃശ്ശൂർ | 30836 | 26776 | 2278 |
| പാലക്കാട് | 28524 | 23874 | 5742 |
| മലപ്പുറം | 25998 | 23962 | 1221 |
| കോഴിക്കോട് | 9070 | 8304 | 2575 |
| വയനാട് | 6611 | 4546 | 690 |
| കണ്ണൂർ | 12184 | 11099 | 11952 |
| കാസർഗോഡ് | 12184 | 10218 | 16437 |
| ആകെ | **291757** | **243928** | **67281** |

C.K.V. Kunny

Section Officer